പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി

ചാലിയാർപുഴ ഉറവിടമാക്കി ചാത്തമംഗലം, മാവൂർ, മുക്കം എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ സർവെ പൂർത്തിയാക്കി.

സുനാമി ബാധിത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ

50 [507] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ വർക്കല കഹാർ:
„ ടി. യു. രാധാകൃഷ്ണൻ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിയെ തുടർന്ന് എത്ര കുടിവെള്ള പദ്ധതികൾ സുനാമി ബാധിത പ്രദേശങ്ങളിൽ ആരംഭിച്ചു; അവ എവിടെയെല്ലാം;

(ബി) അതിന് എന്ത് തുക ചെലവായി; ഇതിന്റെ പ്രയോജനം എത്ര പേർക്ക് കിട്ടിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സുനാമി ബാധിത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ജില്ല തിരിച്ചുള്ള വർക്കുകൾ താഴെ പറയുന്നവയാണ്:

ജില്ല	വർക്കുകൾ
കൊല്ലം	20 എണ്ണം
ആലപ്പുഴ	120 എണ്ണം
എറണാകുളം	24 എണ്ണം
കോഴിക്കോട്	24 എണ്ണം
തൃശ്ശൂർ	6 എണ്ണം
കണ്ണൂർ	10 എണ്ണം
ആകെ	204 എണ്ണം

(ബി) ഇതിന് 5.06 കോടി രൂപ ചെലവായി. ഇത് ഒന്നര ലക്ഷത്തോളം ആളുകൾക്ക് പ്രയോജനം ചെയ്യുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതിമൂലം നടപ്പിലാക്കുന്ന പദ്ധതികൾ

51 [508] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2006 മാർച്ച് 31 നകം അഞ്ച് പദ്ധതികളുടെയും ഒന്നാം ഘട്ടം പൂർത്തിയാക്കുമെന്നുള്ള മുൻ സർക്കാരിന്റെ തീരുമാനം നടപ്പിലാക്കാൻ കഴിയുമോ;

(സി) ഈ പദ്ധതിക്ക് വായ്പയായി ലഭിക്കുന്ന തുക എത്രയാണ്;

(ഡി) ഇതിൽ എത്ര രൂപ നാളിതുവരെ ലഭ്യമായിട്ടുണ്ട്;

(ഇ) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(എഫ്) പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്ന് തുടങ്ങിയെന്നും എന്ന് അവസാനിക്കുമെന്നാണ് ബന്ധപ്പെട്ട ഏജൻസികളെ അറിയിച്ചിട്ടുള്ളത്;

(ജി) കാലതാമസം ഉണ്ടാകുന്നതുകൊണ്ട് ലഭ്യമാകേണ്ട തുക നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ അഞ്ച് ശുദ്ധജല വിതരണ സ്കീമുകളും 28 കോൺട്രാക്ടുകളിലായി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 11 അന്തർദേശീയ ദർഘാസുകളും 17 ദേശീയ ദർഘാസുകളും ഉൾപ്പെടുന്നു. ഇവ ജലസ്രോതസ്സ്, റാ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല എന്നിവ ഉൾപ്പെടുന്ന പാക്കേജ് I, ട്രാൻസ്മിഷൻ മെയിനുകൾ ഇടുവാനുള്ള പാക്കേജ് II, വിതരണ ശൃംഖല നടപ്പിലാക്കുവാനുള്ള പാക്കേജ് III, ജലസംഭരണികൾക്കുള്ള പാക്കേജ് IV, തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണ പണികൾക്കുള്ള പാക്കേജ് V എന്നിങ്ങനെ അഞ്ച് പാക്കേജുകളാണ് പദ്ധതി നടത്തിപ്പിനായി ഏർപ്പെടുത്തിയിട്ടുള്ളത്.

ജെ. ബി. ഐ. സി. നിബന്ധനപ്രകാരം എല്ലാ പാക്കേജുകൾക്കുമുള്ള ദേശീയ അന്തർദേശീയ കരാറുകാരെ മുൻയോഗ്യതാ നിർണ്ണയം നടത്തിക്കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുവേണ്ടിയുള്ള സർവ്വേ ജോലികളും മണ്ണു പരിശോധനയും ഡിസൈനുകൾ തയ്യാറാക്കലും പൂർത്തിയാക്കിയിട്ടുണ്ട്.

പദ്ധതികളിൽ ഏർപ്പെടുത്തിയിട്ടുള്ള 28 കോൺട്രാക്റ്റുകളിൽ 26 എണ്ണം ടെണ്ടർ ചെയ്തു കഴിഞ്ഞു. ഒരു പാക്കേജ് മൂല്യനിർണ്ണയഘട്ടത്തിലും മറ്റൊന്ന് അംഗീകാരത്തിന്റെ ഘട്ടത്തിലുമാണ്.

(ബി) അപ്രകാരമുള്ള ഒരു തീരുമാനം എടുത്തിരുന്നോ എന്ന് പരിശോധിച്ചു വരുന്നു.

(സി) 1519.38 കോടി രൂപ വരെ ജെ. ബി. ഐ. സി. വായ്പയായി ലഭിക്കാവുന്നതാണ്.

(ഡി) 26.14 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്.

(ഇ) ഈ പദ്ധതി 2008 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കുവാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പദ്ധതിയുടെ പ്രവർത്തനങ്ങൾ 2003 സെപ്റ്റംബറിൽ തുടങ്ങി 2007-2008 ൽ പൂർത്തീകരിക്കുമെന്നാണ് ബന്ധപ്പെട്ട ഏജൻസികളെ അറിയിച്ചിട്ടുള്ളത്.

(ജി) ലഭ്യമാകേണ്ട തുക നഷ്ടപ്പെടാൻ സാദ്ധ്യത കാണുന്നില്ല.

ജപ്പാൻ കുടിവെള്ള പദ്ധതി

52 [509] ശ്രീ. എ. സി. ഷൺമുഖദാസ്:
„ കെ. പി. മോഹനൻ:
„ സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരം സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചത് എത്ര പദ്ധതികളാണെന്നും ഇതിനെല്ലാം കൂടി എത്ര കോടി രൂപ ചെലവഴിക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിക്കാൻ ഉദ്ദേശിച്ച തുക എത്ര വീതമാണെന്നും ഇതിൽ ഓരോ പദ്ധതിക്കും 2005 ഡിസംബർ 31-വരെ ചെലവഴിച്ച തുക എത്രയാണെന്നും പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ;

(സി) ഇതിൽ ഓരോ പദ്ധതിയും എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി അഞ്ച് ശുദ്ധജല വിതരണ പദ്ധതികളാണ് നടപ്പാക്കുന്നത്.

1. തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണം മെച്ചപ്പെടുത്തൽ പദ്ധതി.

2. കൊല്ലം ജില്ലയിലെ മീനാടിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

3. ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

4. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണം മെച്ചപ്പെടുത്തൽ പദ്ധതി.

5. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

എല്ലാ പദ്ധതികൾക്കും കൂടി 1787.45 കോടി രൂപയാണ് അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റ്.

LIBRARY ARCHIVES Kerala Legislative Assembly